ക്കുന്ന ഒരു സ്കീം അടിയന്തിരമായി നടപ്പാക്കണം. അതോടൊപ്പം, ശാശ്വതമായ പമ്പിംഗ് സ്റ്റേഷനും ഓവർഹെഡ്ടാങ്കും പണിയുന്നതിനുള്ള സ്ഥലം എടുത്ത് പണിയാരംഭിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു ജനങ്ങളെ സഹായിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): കേന്ദ്ര സർക്കാരിന്റെ ത്വരിതഗതിയിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയതാണ് കുമ്പളങ്ങി വാട്ടർ സപ്ലൈ സ്കീം. ഇതിന് 35.8 ലക്ഷം രൂപയാണ് ഏകദേശ എസ്റ്റിമേറ്റ്. ഇതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പടത്താൻ നിർദ്ദേശങ്ങൾ കൊടുത്തു. എന്നാൽ അതിനുള്ള ചില ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതാണ്. അതിനാവശ്യമായ പൈപ്പുലൈനുകളെല്ലാം സ്ഥാപിച്ചു കഴിഞ്ഞിട്ട് ഒന്നു രണ്ടു കൊല്ലമായി. പക്ഷേ പൈപ്പുകളിൽകൂടി വെള്ളം വരുന്നില്ല എന്നുള്ളത് ശരിയാണ്. അതിന് ടാങ്കിന്റെ പണി ചെയ്യണം; ബൂസ്റ്റർ പമ്പ് ഹൗസിന്റെ പണി ചെയ്യണം. അതിനുവേണ്ട സ്ഥലങ്ങളെ സംബന്ധിച്ച് തർക്കം വന്നിരുന്നു. പഞ്ചായത്തുകളോട് നിരന്തരമായി ആവശ്യപ്പെട്ടു. പഞ്ചായത്തുകൾ സ്ഥലമെടുത്തു തന്നില്ല. ബഹുമാനപ്പെട്ട എം. എൽ. എ. സഹകരിച്ച് അത് മേടിച്ചു തന്നിരുന്നുവെങ്കിൽ എന്നേ അതിന്റെ പണി തീർക്കാമായിരുന്നു. മൂന്നു ബൂസ്റ്റർ സ്റ്റേഷനും പമ്പിംഗ് ഹൗസിനും ഓവർഹെഡ് ടാങ്കിനും സ്ഥലം കിട്ടാതെ വന്നപ്പോൾ അക്വിസിഷൻ നടപടികൾ തുടങ്ങി. അക്വിസിഷൻ നടപടികൾ തുടങ്ങിയപ്പോൾ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഓവർഹെഡ് ടാങ്കിന്റെ സ്ഥലം അഡ്വാൻസ് കൊടുത്തു എന്നതു ശരിയാണ്. അക്വിസിഷൻ തുടങ്ങിയപ്പോൾ എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച്, അതിനുള്ള സ്ഥലം കിട്ടി. സ്ഥലം കിട്ടിയ ഉടനെ ടാങ്ക് ഉണ്ടാക്കാൻ ഒക്കുമോ? അതിന് ഡിസൈൻ തയ്യാറാക്കി ഇപ്പോൾ അത് ടെൻഡർ ചെയ്യാൻ പോവുകയാണ്. നേരത്തെ ചെയ്തിരുന്നുവെങ്കിൽ പണി കഴിഞ്ഞേനേ. ബൂസ്റ്റർ പമ്പ് ഹൗസിനു സ്ഥലമൊന്നും കിട്ടിയിട്ടില്ല എന്നാണ് പറയുന്നത്. ടാങ്കിന്റെ സ്ഥലം കിട്ടി. ടാങ്കിന്റെ സ്ഥലം കിട്ടിയപ്പോൾ സ്റ്റേഷന്റെ സ്ഥലം കിട്ടണ്ടേ? ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷന്റെ സ്ഥലം കിട്ടിയിട്ടില്ല. അത് അക്വിസീഷനിൽ ഇരിക്കുകയാണ്. നാളെ അഡ്വാൻസ് പൊസഷൻ തരാൻ ശ്രമിക്കുമോ? പഞ്ചായത്ത് തരാൻ ശ്രമിക്കുമോ? പദ്ധതികൾ നടപ്പിൽ വരുത്തണമെങ്കിൽ അതിന് ജനങ്ങളുടെ സഹകരണം വേണം. പഞ്ചായത്തു സ്ഥാപനങ്ങളുടെ സഹകരണം വേണം, വ്യക്തികളുടെ സഹായം വേണം. അത് ആവശ്യപ്പെട്ടപ്പോൾ കിട്ടുന്നില്ല. അതുകൊണ്ടാണ് ഇതിന് താമസം വന്നത്. ഏതായാലും വളരെ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്.

(7) നെടുമങ്ങാടു കച്ചേരി ജംഗ്ഷനിലുണ്ടായ ലാത്തിച്ചാർജ്

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഇന്നലെ സഭ ഇവിടെ സമ്മേളിച്ചുകൊണ്ടിരുന്ന അവസരത്തിൽ നെടുമങ്ങാട് ടൗണിന്റെ പ്രധാന കേന്ദ്രമായ താലൂക്ക് കച്ചേരിയുടെ മുമ്പിൽവച്ച് നെടുമങ്ങാട് പോലീസ് അവിടെ ചെന്ന ഒരു വിഭാഗം തൊഴിലാളികളുടെ നേർക്ക് ലാത്തിച്ചാർജ് നടത്തി. ആറേഴ് പേർ ഇന്നലെ രാത്രിവരെ ആശുപത്രിയിലാണ്. ഇതിനുകാരണം ഒരു തൊഴിൽത്തർക്കമാണ്. കഴിഞ്ഞ മൂന്നുമാസമായി എം. എ. കരീം എന്നു പറയുന്ന ഒരു കോൺട്രാക്ടർ അവിടെ ഒരു നമ്പർ എസ്റ്റേറ്റിൽ ജോലി കോൺട്രാക്ട് പിടിച്ചതിനെത്തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായ തർക്കമാണ്. അദ്ദേഹത്തിന് ആ പ്രദേശത്ത് വർക്ക് ചെയ്യുന്ന റബ്ബർ തോട്ടങ്ങളിലെ കാട്ടുവേലക്കാരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാൻ പാടില്ല എന്ന് നിർബന്ധമാണ്. അദ്ദേഹം പത്തുപതിനഞ്ചു മൈല കലെനിന്ന് സ്വന്തം ആളുകളെകൊണ്ടുവന്ന് ജോലിചെയ്യിക്കുമെന്ന് വാശി പിടിച്ചു. അതിന്റെ പേരിൽ തർക്കമുണ്ടായി. അത് വളരെ നീണ്ടുനീണ്ടു പോയി. പോലീസിന്റെയും ഗവൺമെന്റിന്റെയും പിൻതുണ തനിക്ക് കിട്ടുമെന്നുള്ള അഹങ്കാരത്താൽ അദ്ദേഹം ഒരു തരത്തിലും വഴങ്ങാൻ തയ്യാറായില്ല. ഇന്നലെ അദ്ദേഹം ദൂരെനിന്ന് ആളുകളെകൊണ്ടുവന്ന് അവിടെ പണി ചെയ്യിക്കുവാൻ ശ്രമിച്ചു. അപ്പോഴാ അവിടെയുള്ള തൊഴിലാളികളും പ്രതിഷേധിച്ചു. പോലീസ് വന്ന് ബലപ്രയോഗം നടത്തി. മൂന്നുനാലുപേരെ അറസ്റ്റുചെയ്തു കൊണ്ടുപോയി. അറസ്റ്റു ചെയ്തുകൊണ്ടുപോയ ആളുകളെ മർദ്ദിച്ചുവെന്നുള്ള വർത്തമാനം അവിടെ പരന്നപ്പോഴാ അന്വേഷിക്കാൻവേണ്ടി ഒരു സംഘം ആളുകളാ കാറിലോ മറ്റോ അവിടെ വന്നു. അപ്പോഴാ അവരുടെ നേർക്ക് വളരെ പ്രകോപനപരമായി ഈ മുതലാളിയും ആളുകളും പോലീസുംകൂടി പെരുമാറിയിട്ട് ആ സൗകര്യം ഉപയോഗിച്ച് പോലീസ് ലാത്തിച്ചാർജ് ചെയ്യുകയാണുണ്ടായത്.

അവിടെ പ്രവർത്തിക്കുന്ന എല്ലാ യൂണിയനുകളും ഒരു ഭാഗത്തും പോലീസിന്റെ പരസ്യമായ പിൻതുണയോടുകൂടി പിടിവാശിപിടിച്ച് മുതലാളി ഒരുഭാഗത്തും പോലീസിനെ തൊഴിൽത്തർക്കം തീർക്കാൻ ആരും ചുമതലപ്പെടുത്തിയിട്ടില്ല. വസ്തുതർക്കം, കുടിയൊഴിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ പോലീസ് ഇടപെടുന്നത് നിത്യസംഭവമായിത്തീർന്നിരിക്കുകയാണ്. എ. ഐ. ടി. യു. സി., സി. ഐ. ടി. യു., ഐ.എൻ.ടി.യു.സി. (ഐ) തുടങ്ങി ആ പ്രദേശത്തെ എല്ലാ ട്രേഡ് യൂണിയനുകളും ചേർന്ന്, പോലീസ് ഇടപെടരുതെന്ന് അഭ്യർത്ഥിച്ചു. അത് വകവയ്ക്കാതെ ലാത്തിച്ചാർജ് ചെയ്യുകയും അറസ്റ്റുചെയ്യുകയും കുഴപ്പമുണ്ടാക്കുകയും ചെയ്തിരിക്കയാണ്. ഇത് ഗൗരവമായി എടുക്കേണ്ട കാര്യമാണ്. ഞാൻ വൈകുന്നേരം അവിടെ പോയി അന്വേഷിച്ചപ്പോഴാ കിട്ടിയ മറുപടി ''മുകളിൽനിന്നുള്ള നിർദ്ദേശമാണ്''; ഞങ്ങളാ നിസ്സഹായരാണ് എന്നാണ്. ''മുകളിൽനിന്നുള്ളവർ'' ആരാണെന്ന് ദയവായി വ്യക്തമാക്കാമോ? ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ഇയലാർ രവി): സർ, നെടുമങ്ങാട് പനവൂർ എന്ന സ്ഥലത്തുള്ള എസ്റ്റേറ്റിലെ മരം മുറിക്കുന്നതിനെക്കുറിച്ചുള്ള തർക്കമാണ്. ബഹുമാനപ്പെട്ടമെമ്പർ പറഞ്ഞതുപോലെ, എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച്, വളരെനാളുകളായി നിലനിൽക്കുന്ന തർക്കമാണ്. ആ തർക്കത്തിൽ തൊഴിലാളികളുടെ ഭാഗത്ത് സി. ഐ. ടി. യു., ഐ. എൻ. ടി. യു. സി., എ. ഐ. ടി. യു. സി. തുടങ്ങിയ സംഘടനകളുണ്ട്. എസ്റ്റേറ്റിലെ ഉടമസ്ഥൻ മരം മുറിക്കാൻ ഏൽപ്പിച്ചത് അബ്ദുൽഗനിയെന്ന കൺട്രാക്ടറെയാണ്. ആ കൺട്രാക്ടർ തന്റെ സ്ഥിരം തൊഴിലാളികളെവച്ച് ജോലി ചെയ്യിക്കണമെന്ന് നിർബന്ധിക്കുകയും അതിനെ ചിലർ തടഞ്ഞപ്പോൾ തർക്കം ഉണ്ടാവുകയും ചെയ്തുവെന്നുള്ളതാ ശരിയാണ്. പരസ്പരം സംഘട്ടനം ഉണ്ടാകുന്ന അവസരത്തിലാണ് പോലീസ് ഇടപെടുകയും അറസ്റ്റ്ചെയ്യുകയും ചെയ്തത്. അവരെ നെടുമങ്ങാട് സ്റ്റേഷനിൽ കൊണ്ടുവന്നതിനു ശേഷം—നൂറോളം തൊഴിലാളികളുണ്ടെന്നാണ് റിപ്പോർട്ട്; എല്ലാ കക്ഷി

LIBRARY ARCHIVES Kerala Legislative Assembly

യിലും പെട്ടവരുണ്ട്—ഈ കൺട്രാക്ടറെ വഴിയിൽവച്ച് ദേഹോപദ്രവേ ൽപിക്കാൻ ശ്രമിച്ചതിനെത്തുടർന്ന് പോലീസ് സ്ഥലത്തെത്തുകയും അവരെ വിരട്ടി ഓടിക്കുകയും ചെയ്തു. അതല്ലാതെ മറ്റു സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. തൊഴിൽത്തർക്കമാണെങ്കിൽ അതിൽ പോലീസ് ഇടപെടുന്ന പ്രശ്നമില്ല. അതിനെത്തുടർന്ന് എന്തെങ്കിലും അക്രമം ഉണ്ടാകുമ്പോഴാണ് പോലീസ് ഇടപെടുന്നത്. മുതലാളിക്ക് പ്രത്യേകമായി എന്തെങ്കിലും സംരക്ഷണം കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടില്ല.

IV റിപ്പോർട്ടു സമർപ്പണം

കാര്യോപദേശകസമിതിയുടെ 16-ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ 16-ാമതു റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

V റിപ്പോർട്ടു പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശകസമിതിയുടെ 16-ാമതു റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഞാനതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VI നിയമനിർമ്മാണ കാര്യം

1984-ലെ കേരള കശുവണ്ടിഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിന്റെ അവതരണവും ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയവും

Minister for Industries (**Shri E. Ahammed**): Sir, I introduce the Kerala Cashew Factories (Acquisition) Amendment Bill, 1984.

Mr. Speaker: The Bill stands introduced.

Minister for Industries (**Shri. E. Ahammed**): Sir, I move that the Kerala Cashew Factories (Acquisition) Amendment Bill, 1984 be referred to subject Committee IV—Industry and Minerals.

Minister for Irrigation (**Shri M. P. Gangadharan**): Sir, I second it.

ശ്രീ. ഇ. അഹമ്മദ്: സർ, കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ട് 1974-ലാണ് ഈ നിയമസഭ പാസ്സാക്കിയത്. ഈ ആക്ടിലെ 3-ാം വകുപ്പനുസരിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള ഫാക്ടറികളുടെ നടത്തിപ്പ് തുടർന്നു ഗവൺമെന്റിൽ നിക്ഷിപ്തമാക്കുകയോ അല്ലെങ്കിൽ കാഷ്യൂകോർപ്പറേഷനിൽ നിക്ഷി

LIBRARY ARCHIVES Kerala Legislative Assembly